**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3845** **15-07-2022 - ൽ മറുപടിയ്ക്ക്**

**നവകേരളം കർമ്മപദ്ധതിയിൽ ആർദ്രം-2 മിഷൻ വഴി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. എ. രാജ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ആശുപത്രികളിൽ ഉന്നത നിലവാരത്തിലുള്ള സേവന സൗകര്യം ഒരുക്കുന്നതിനും അവയെ രോഗീസൗഹൃദമാക്കി മാറ്റുന്നതിനും നവകേരളം കർമ്മപദ്ധതിയിൽ ആർദ്രം-2 മിഷൻ വഴി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്; | (എ) | **ആശുപത്രികൾ ജനസൗഹൃദമാക്കുക, രോഗവുമായി ബന്ധപ്പെട്ട ചിലവുകൾ കുറയ്ക്കുക, ജനകീയ പങ്കാളിത്തത്തോടെ ആരോഗ്യകരമായ ജീവിതം സംബന്ധിച്ച അവബോധം സൃഷ്ടിക്കുക എന്നതിലൂടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുകയാണ് നവകേരളം കർമ്മ പദ്ധതി II - ആർദ്രത്തിന്റെ പ്രധാന ലക്ഷ്യം. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന നവകേരളം കർമ്മ പദ്ധതി II - ആർദ്രത്തിന്റെ പ്രവർത്തനം അതിന്റെ പൊതുലക്ഷ്യം എന്നിവ അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.** |
| (ബി) | പ്രാഥമിക തലത്തിലെയും ദ്വിതീയ തലത്തിലെയും ആശുപത്രികളെ നവീകരിച്ച് ഹബ് ആൻഡ് സ്പോക്ക് രീതിയിൽ സാധാരണക്കാർക്ക് ഏറ്റവും മികച്ച ചികിത്സ ലഭ്യമാക്കാൻ പരിപാടിയുണ്ടോ; | (ബി) | ഗുണനിലവാരമുള്ള ആധുനിക പരിശോധനാ സംവിധാനങ്ങൾ സർക്കാർ മേഖലയിൽ ഉറപ്പുവരുത്തുന്നതിന് വേണ്ടി എല്ലാ ജില്ലകളിലും ഹബ് ആന്റ് സ്പോക്ക് മോഡൽ വഴിയുള്ള ലാബ് നെറ്റ് വർക്ക് സ്ഥാപിക്കാൻ പദ്ധതിയുണ്ട്. |
| (സി) | ചികിത്സാ കേന്ദ്രങ്ങളുടെ പ്രവർത്തന സമയം ദീർഘിപ്പിക്കുന്നതിനും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കൂടി സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഉദ്ദേശ്യമുണ്ടോ; | (സി) | നിലവിലെ ആർദ്രം മാനദണ്ഡമനുസരിച്ച് കുടുംബാരോഗ്യകേന്ദ്രങ്ങളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ പ്രവർത്തന സമയം ദീർഘിപ്പിച്ചിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ലഭ്യമാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | രാജ്യത്ത് ആദ്യമായി ഏകാരോഗ്യ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ ? | (ഡി) | നിപ്പാ വൈറസ്, എച്ച്1എൻ1, കുരങ്ങുപനി എന്നിവയുൾപ്പെടെയുള്ള ജന്തുജന്യരോഗങ്ങൾ സംസ്ഥാനത്ത് തുടർച്ചയായി റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യം ഉണ്ടായിരുന്നതിനാലും, ചിക്കൻഗുനിയ, ഡെങ്കിപ്പനി എന്നിവയുടെ ആവർത്തിച്ചുള്ള വ്യാപനവും, നിലവിലെ കോവിഡ് |

19 മഹാമാരിയും, പകർച്ചവ്യാധി പ്രതിരോധവുമായി ബന്ധപ്പെട്ട വെല്ലുവിളികളുമാണ് സംസ്ഥാനത്ത് വൺ ഹെൽത്ത് പദ്ധതി നടപ്പിലാക്കാൻ പ്രേരിതമായത്. ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് സാർവ്വത്രികമായി അംഗീകരിക്കപ്പെട്ട ഒരു ആശയമാണ് ഏകാരോഗ്യപദ്ധതി (ONE HEALTH). ജനങ്ങൾ, മൃഗങ്ങൾ, സസ്യങ്ങൾ അവയുടെ പരിസ്ഥിതി എന്നിവ തമ്മിലുള്ള പരസ്പരബന്ധം അംഗീകരിച്ചുകൊണ്ട് അനുയോജ്യമായ മനുഷ്യ ആരോഗ്യ ഫലങ്ങൾ കൈവരിക്കുക എന്നതാണ് ഈ ആശയത്തിന്റെ ലക്ഷ്യം. ആർദ്രം മിഷന്റെ ഭാഗമായി കേരളത്തിലെ എല്ലാ ജില്ലകളിലും വൺ ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടം RKI, വേൾഡ് ബാങ്ക് സഹായത്തോടെ കോട്ടയം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ എന്നീ നാലു പമ്പാനദീതടജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. പിന്നീട് ഇത് ബാക്കിയുള്ള പത്ത് ജില്ലകളിലേക്കും വ്യാപിക്കും. ഇതിന്റെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നു

ജില്ലാതലത്തിലും സംസ്ഥാന തലത്തിലുള്ള വിവിധ വകുപ്പുകളുടെ ഏകോപനവും സാധ്യമാക്കുക വഴി രോഗ നിരീക്ഷണം കേന്ദ്രീകൃതമാക്കുകയും അതുവഴി ജന്തുജന്യരോഗങ്ങളെ കുറച്ചുകൊണ്ടുവരിക. ഇതിനുവേണ്ട പരിശീലനങ്ങൾ നൽകുക, കമ്മ്യൂണിറ്റി നിരീക്ഷണം എന്നിവ ശക്തിപ്പെടുത്തുക

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു ഇതുമായി ബന്ധപ്പെട്ട പദ്ധതി രൂപീകരിക്കുന്നതിന് കിലയുടെ സഹായത്തോടെ പരിശീലനങ്ങൾ നൽകുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുക.

വൺ ഹെൽത്ത് ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന് ഉചിതമായ പങ്കാളികളെയും റിസോഴ്സ് പേഴ്സൺസിനെയും ബ്ലോക്ക്, പഞ്ചായത്ത് വാർഡ് തലങ്ങളിൽ വരെ കണ്ടെത്തി താഴെത്തട്ടിൽ പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിനുള്ള നടപടികൾ പ്രാവർത്തികമാക്കുക.

മനുഷ്യരുടെയും മൃഗങ്ങളുടെയും രോഗ നിർണ്ണയ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിലൂടെ സർവയലൻസ് സംവിധാനം ശക്തിപ്പെടുത്തുക, ആരോഗ്യ പരിപാലന കേന്ദ്രങ്ങൾ സജ്ജീകരിക്കുക, വിവരങ്ങൾ വിശകലനം ചെയ്യുന്നതിനും തീരുമാനം കൈക്കൊള്ളുന്നതിനുമുള്ള ശേഷി വർധിപ്പിക്കുക .

| | | | |
|---|---|---|---|
| | | | ഔട്ബ്രേക് ഇൻവെസ്റ്റിഗേഷൻസ് ഊർജ്ജിതമാക്കുവാനുള്ള സംവിധാനം ശക്തിപ്പെടുത്തുക. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## 1) വാർഷിക ആരോഗ്യ പരിശോധനാപദ്ധതി (Annual Health Screening)

**പ്രധാന ലക്ഷ്യങ്ങൾ**

- മുപ്പത് വയസ്സിനു മുകളിൽ പ്രായമുള്ളവരിൽ വാർഷിക പരിശോധന നടത്തി പ്രമേഹം, രക്തസമ്മർദ്ദം, അർബ്ബുദം മുതലായ രോഗങ്ങൾ പ്രാരംഭത്തിൽ തന്നെ കണ്ടുപിടിച്ച ചികിത്സ നൽകുക.
- ജീവിതശൈലീ രോഗങ്ങളുടെ ഒരു രജിസ്റ്റി തയ്യാറാക്കുക.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ജീവിതശൈലീ രോഗങ്ങൾക്ക് എതിരായ ക്യാമ്പയിൻ നടപ്പിലാക്കുക.

**പ്രവർത്തനങ്ങൾ**

- സംസ്ഥാനതലത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനുള്ള ശിൽപ്പശാല സംഘടിപ്പിക്കുക
- മെഡിക്കൽ ഓഫീസർ മുതൽ ആശാ പ്രവർത്തകർ വരെ എല്ലാ ജീവനക്കാർക്കുമുള്ള പരിശീലനങ്ങൾ നൽകുക
- ശൈലി ആപ്പ് ഉപയോഗിച്ച് ആശാ പ്രവർത്തകർ വഴി വിവരശേഖരണം നടത്തുക

## 2) ജില്ലാ ക്യാൻസർ പ്രതിരോധ പരിപാടി

**പ്രധാന ലക്ഷ്യങ്ങൾ**

- കാൻസർ പ്രതിരോധ തന്ത്രങ്ങളെക്കുറിച്ച് പൊതു ജനങ്ങൾക്ക് ശാസ്ത്രീയ വിവരങ്ങൾ നൽകിക്കൊണ്ട് സമൂഹത്തിലെ ക്യാൻസർ രോഗാതുരത കുറയ്ക്കുക.
- ശാസ്ത്രീയമായ സ്ക്രീനിംഗും ഫീൽഡ് തലത്തിൽ തന്നെ ക്യാൻസർ പ്രാരംഭ നിർണ്ണയ പ്രവർത്തനങ്ങളും കൊണ്ട് പ്രാരംഭഘട്ടത്തിൽ തന്നെ ക്യാൻസർ രോഗനിർണ്ണയം നടത്തുക.
- സർക്കാർ ആശുപത്രികളിൽ കാൻസർ ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ട് ക്യാൻസർ പരിചരണം രോഗികൾക്ക് അരികിലേക്ക് കൊണ്ടുവരിക.

**പ്രവർത്തനങ്ങൾ**

- മെഡിക്കൽ ഓഫീസർ മുതൽ ആശാ പ്രവർത്തകർ വരെ എല്ലാ ജീവനക്കാർക്കുമുള്ള പരിശീലനങ്ങൾ നൽകുക
- സമൂഹത്തിൽ അവബോധവും രോഗസാധ്യതയുള്ളവരെ തിരിച്ചറിയലും - ആശ പ്രവർത്തകർ വഴി നടത്തുക
- പ്രാഥമികാരോഗ്യകേന്ദ്രം, കുടുംബാരോഗ്യ കേന്ദ്രം, സാമൂഹികാരോഗ്യ കേന്ദ്രം, നഗരാരോഗ്യ കേന്ദ്രം എന്നിവ ആസ്ഥാനമായുള്ള പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ക്യാൻസറിനായുള്ള സ്ക്രീനിംഗ് നടപ്പിലാക്കുക
- താലൂക്ക് ആശുപത്രികളിൽ ക്യാൻസർ രോഗനിർണ്ണയ സംവിധാനം കൊണ്ടുവരിക

- എല്ലാ ജില്ലയിലും ഹബ്ബ് ആൻഡ് സ്റ്റോക് ലബോറട്ടറി സൗകര്യവും സംയോജിത സാമ്പിൾ മാനേജ്മെന്റ് സംവിധാനവും കൊണ്ടുവരിക
- ക്യാൻസർ ആശുപത്രികളേയും മെഡിക്കൽ കോളേജുകളെയും ജില്ലാ ആശുപത്രികളെയും ബന്ധിപ്പിച്ച് ചികിത്സ സുഗമമാക്കുന്നതിന് കാൻസർ കെയർ ഗ്രിഡ് സ്ഥാപിക്കുക
- ഇ-ഹെൽത്ത്/സംസ്ഥാന ഡിജിറ്റൽ ഹെൽത്ത് മിഷൻ വഴി താഴെപ്പറയുന്ന സവിശേഷതകളുള്ള ഒരു സോഫ്റ്റ് വെയർ- ക്യാൻസർ കെയർ സ്യൂട്ട് വികസിപ്പിക്കുകയും അതിനെ ഇ-ഹെൽത്ത് പദ്ധതിയുമായി സംയോജിപ്പിക്കുക.

    1. കേരള ക്യാൻസർ രജിസ്ട്രി
    2. ബോൺമാരോ ഡോണേഴ്സ് രജിസ്ട്രി.
    3. സംസ്ഥാന ക്യാൻസർ സ്ട്രാറ്റജി ബാക്ക് ബോൺ

- ഐടി ബാക്ക് ബോണിന്റെ പിന്തുണയോടെ എല്ലാ ജില്ലകളിലും ആരംഭിക്കുന്ന കേരള ക്യാൻസർ കൺട്രോൾ സ്ട്രാറ്റജി സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും ക്യാൻസർ നേരത്തെ കണ്ടെത്തുന്നതിനും വികേന്ദ്രീകൃത ക്യാൻസർ പരിചരണത്തിനും ഉപയോഗിക്കുക

**3) വൺ ഹെൽത്ത് പദ്ധതി**

**പ്രധാന ലക്ഷ്യങ്ങൾ**

ജന്തുജന്യ രോഗങ്ങൾക്ക് കാരണമാകുന്ന അസാധാരണമായ സംഭവങ്ങളുടെ നിരീക്ഷണം നടത്തുകയും, ഇതിലേക്ക് നയിക്കുന്ന ഘടകങ്ങളുടെ നേരത്തെയുള്ള കണ്ടെത്തലും ആവശ്യകത അടിസ്ഥാനമാക്കിയുള്ള പങ്കാളിത്ത ഇടപെടലുകൾ എന്നിവ പ്രധാന ലക്ഷ്യങ്ങൾ.

**പ്രവർത്തനങ്ങൾ**

- ആർദ്രം മിഷന്റെ ഭാഗമായി കേരളത്തിലെ എല്ലാ ജില്ലകളിലും വൺ ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കുക.
- പദ്ധതിയുടെ ആദ്യ ഘട്ടം കോട്ടയം, ഇടുക്കി, പത്തനംതിട്ട , ആലപ്പുഴ എന്നീ നാല് പമ്പാനദീതട ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. പിന്നീട് ശേഷിക്കുന്ന പത്തു ജില്ലകളിലേക്കും വ്യാപിപ്പിക്കുക.
- ജില്ലാതലത്തിലും സംസ്ഥാന തലത്തിലുമുള്ള വിവിധ വകുപ്പുകളുടെ ഏകോപനവും സാധ്യമാക്കുക വഴി രോഗ നിരീക്ഷണം കേന്ദ്രീകൃതമാക്കുകയും അതുവഴി ജന്തുജന്യരോഗങ്ങളെ കുറച്ചുകൊണ്ടുവരിക. ഇതിനുവേണ്ട പരിശീലനങ്ങൾ നൽകുക, കമ്മ്യൂണിറ്റി നിരീക്ഷണം എന്നിവ ശക്തിപ്പെടുത്തുക
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു ഇതുമായി ബന്ധപ്പെട്ട പദ്ധതി രൂപീകരിക്കുന്നതിന് കിലയുടെ സഹായത്തോടെ പരിശീലനങ്ങൾ നൽകുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുക.
- വൺ ഹെൽത്ത് ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന് ഉചിതമായ പങ്കാളികളെയും റിസോഴ്സ് പേഴ്സൺസിനെയും ബ്ലോക്ക്, പഞ്ചായത്ത് വാർഡ് തലങ്ങളിൽ വരെ കണ്ടെത്തി താഴെത്തട്ടിൽ പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിനുള്ള നടപടികൾ പ്രാവർത്തികമാക്കുക.
- മനുഷ്യരുടെയും മൃഗങ്ങളുടെയും രോഗ നിർണ്ണയ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിലൂടെ സർവയലൻസ് സംവിധാനം ശക്തിപ്പെടുത്തുക, ആരോഗ്യ പരിപാലന കേന്ദ്രങ്ങൾ സജ്ജീകരിക്കുക, വിവരങ്ങൾ വിശകലനം ചെയ്യുന്നതിനും തീരുമാനം കൈക്കൊള്ളുന്നതിനുമുള്ള ശേഷി വർധിപ്പിക്കുക .

- ഔട്ബ്രേക് ഇൻവെസ്റ്റിഗേഷൻസ് ഊർജ്ജിതമാക്കുവാനുള്ള സംവിധാനം ശക്തിപ്പെടുത്തുക.

## 4) ലാബ് നെറ്റ് വർക്കിംഗ് (Hub and Spoke Model)

**പ്രധാനലക്ഷ്യങ്ങൾ**

ഗുണ നിലവാരമുള്ള ആധുനിക പരിശോധനാ സംവിധാനങ്ങൾ സർക്കാർ മേഖലയിൽ ഉറപ്പുവരുത്തുന്നതിന് വേണ്ടി എല്ലാ ജില്ലകളിലും ഹബ് ആൻഡ് സ്പോക്ക് മോഡൽ വഴിയുള്ള ലാബ് നെറ്റ്വർക്ക് സ്ഥാപിക്കുക .

**പ്രവർത്തനങ്ങൾ**

- എല്ലാ ജില്ലകളിലും സങ്കീർണ്ണ പരിശോധനകളുടെ നിലവിലെ പൊതുജനാരോഗ്യ സംവിധാനത്തിലെ ലഭ്യത, സാമ്പിൾ ലോഡ്, സ്ഥാപനങ്ങളിൽ നിലവിൽ ലഭ്യമായ മെഷീനുകളുടെയും മാനവ വിഭവശേഷിയുടെയും വിവരങ്ങൾ എന്നിവ കണ്ടെത്തുന്നതിന് വേണ്ടി ഒരു വിശദമായ സ്ഥിതി അവലോകനം നടത്തുക.
- എല്ലാ ജില്ലകളിലേയും അതാത് തദ്ദേശ ഭരണ പ്രദേശങ്ങളുടെ പരിധിയിൽ നിലവിൽ നടത്താവുന്ന പരിശോധനകളുടെ ഏകീകരണം സംബന്ധിച്ച രൂപരേഖ തയ്യാറാക്കി നടപ്പാക്കുക
- എല്ലാ ജില്ലകളിലെയും വിവിധ സങ്കീർണ്ണ പരിശോധനകൾക്കു ആവശ്യമായ കേന്ദ്രീകൃത ഡയഗ്നോസ്റ്റിക് ഹബ് ലാബുകൾ നിർണ്ണയിച്ച് സജ്ജമാക്കുക.
- എല്ലാ ജില്ലകളിലും സമയബന്ധിതമായി സാധ്യമാവുന്ന രീതിയിൽ പരിശോധന പ്രായോഗികമായി സാമ്പിളുകൾ സ്വീകരിക്കാവുന്ന സ്പോക്കുകൾ നിർണ്ണയിച്ച് സജ്ജമാക്കുക.
- സാമ്പിളുകൾ പരിശോധനാ ലാബുകളിലേക്ക് എത്തിക്കുന്നതിനുള്ള ഗതാഗത സംവിധാനം പ്രാദേശികമായ ഘടകങ്ങൾ കൂടി കണക്കിലെടുത്ത് സാധ്യമായ പങ്കാളിത്തങ്ങൾ ഉപയോഗപ്പെടുത്തി രൂപരേഖ തയ്യാറാക്കി പ്രവർത്തന സജ്ജമാക്കുക.
- പരിശോധനാ സംവിധാനങ്ങൾ സമയബന്ധിതമായി രോഗികളിലേക്ക് എത്തിക്കുന്നതിന് ആവശ്യമായ സജ്ജീകരണങ്ങൾ നിലവിലെ LDMS സംവിധാനം വഴിയോ ഇ - ഹെൽത്ത് പ്ലാറ്റ്ഫോം വഴിയോ പ്രവർത്തനസജ്ജമാക്കുക.

## 5) ഹെൽത്തി ലൈഫ് ക്യാമ്പയിൻ

**പ്രധാന ലക്ഷ്യങ്ങൾ**

സമഗ്ര പ്രാഥമിക പരിചരണത്തിലൂന്നിക്കൊണ്ട് വിപുലമായ ജനപങ്കാളിത്തത്തോടെ വിവിധ വകുപ്പുകളുടേയും മിഷനുകളുടേയും ഏജൻസികളുടേയും പങ്കാളിത്തത്തോടെ വികേന്ദ്രീകൃത ആസൂത്രണത്തിലും നടത്തിപ്പിലും ഊന്നൽ നൽകിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ "നമ്മുടെ ആരോഗ്യം നമ്മുടെ ഉത്തരവാദിത്തം" എന്ന ആശയം ഉൾക്കൊണ്ട് ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുവാനുള്ള ഒരു ജനകീയ ആരോഗ്യ പ്രസ്ഥാനത്തിന് തുടക്കമിടുക.

**പ്രവർത്തനങ്ങൾ**

- സംസ്ഥാന-ജില്ലാ-തദ്ദേശസ്വയംഭരണതല ക്യാമ്പയിനുകൾ, ശിൽപ്പശാലകൾ സംഘടിപ്പിക്കുക, പ്രവർത്തനമാർഗ്ഗരേഖ തയ്യാറാക്കുക.
- ഓരോ ഘടകത്തിനും പ്രത്യേകം ക്യാമ്പയിനുകളും ബോധവൽക്കരണ പ്രവർത്തനങ്ങളും സംഘടിപ്പിക്കുക.

## 6) ആർദ്രം മിഷൻ ഒന്നാം ഘട്ട പ്രവർത്തനങ്ങളുടെ പൂർത്തീകരണവും വിപുലീകരണവും

**പ്രധാന ലക്ഷ്യങ്ങൾ**

- ശേഷിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കൂടി കുടുംബാരോഗ്യകേന്ദ്രങ്ങൾ ആക്കി പരിവർത്തനം ചെയ്യുക.
- ഉപകേന്ദ്രങ്ങളുടെ നിലവാരം ഉറപ്പുവരുത്തുക.
- ബ്ലോക്ക് പി.എച്ച്.സി കളെ ബ്ലോക്ക്തല കുടുംബാരോഗ്യകേന്ദ്രങ്ങളാക്കുക.
- സാമൂഹികാരോഗ്യകേന്ദ്രങ്ങളുടെ നിലവാരം ഉറപ്പ് വരുത്തുക.
- താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി ചികിത്സ ഉറപ്പ് വരുത്തുക.
- ജില്ലാ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ഉറപ്പുവരുത്തുക.

**പ്രവർത്തനങ്ങൾ**

- തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾക്കും കുടുംബാരോഗ്യ കേന്ദ്രത്തിലെയും ജീവനക്കാർക്കുമുള്ള പരിശീലനങ്ങൾ നൽകുക
- പരിവർത്തനം ചെയ്യേണ്ട സ്ഥാപനങ്ങളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കലും നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടവും നടത്തുക

## 7.രോഗനിർമ്മാർജ്ജന പ്രവർത്തനങ്ങൾ

**പ്രധാന ലക്ഷ്യങ്ങൾ**

2024-ഓടെ മലേറിയയും 2025-ഓടെ കാലാ അസറും, ക്ഷയരോഗവും 2026-ഓടെ മന്ത് രോഗവും നിർമ്മാർജ്ജനം ചെയ്യുക.

**പ്രവർത്തനങ്ങൾ**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ജനങ്ങളുടെയും പങ്കാളിത്തത്തോടെ ഫീൽഡ്തല രോഗപ്രതിരോധ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ശാക്തീകരിക്കുക, എല്ലാ ജീവനക്കാർക്കും പരിശീലനങ്ങൾ നൽകുക, ഇതിനായുള്ള പ്രവർത്തനങ്ങൾക്ക് കലണ്ടർ തയ്യാറാക്കുക.

## 8) ഇന്റഗ്രേറ്റീവ് മെഡിസിൻ ആൻഡ് റിസർച്ച്

**പ്രധാന ലക്ഷ്യങ്ങൾ**

ഫീൽഡ് തല ഗവേഷണ പ്രവർത്തനങ്ങൾക്ക് സാഹചര്യമൊരുക്കിക്കൊണ്ട് ആരോഗ്യരംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുക.

**പ്രവർത്തനങ്ങൾ**

- ആരോഗ്യമേഖലയിൽ ഗവേഷണം നടത്തുന്ന സ്ഥാപനങ്ങളുമായി ആലോചനായോഗങ്ങൾ നടത്തുകയും
- ശാസ്ത്രീയ ഗവേഷണ രീതികളിൽ പരിശീലനങ്ങളും ശില്പശാലകളും സംഘടിപ്പിക്കുകയും ചെയ്യുക.

## 9) ഇൻഫെക്ഷ്യസ് ഡിസീസ് ഇൻഫ്രാസ്ട്രക്ചർ

**പ്രധാന ലക്ഷ്യങ്ങൾ**

- സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലെയും തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഒരു

ആശുപത്രിയിൽ 10 കിടക്കകൾ വീതമുള്ള ഐസോലേഷൻ വാർഡുകൾ നിർമ്മിക്കുക

- തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ഐസോലേഷൻ ബ്ലോക്കുകൾ നിർമ്മിക്കുക.

**പ്രവർത്തനങ്ങൾ**

ഓരോ സ്ഥാപനത്തിലും ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി മാർഗ്ഗരേഖ തയ്യാറാക്കുക

**10) വയോജനക്ഷേമവും സാന്ത്വന പരിചരണവും**

**പ്രധാന ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും**

പാലിയേറ്റീവ് കെയർ ജീവനക്കാർക്ക് മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനു ജില്ലാതലത്തിൽ പരിശീലന കേന്ദ്രങ്ങൾ സൃഷ്ടിക്കുക.

രോഗികൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനുള്ള പാലിയേറ്റീവ് കെയർ ഗ്രിഡ് സൃഷ്ടിക്കുക.

പാലിയേറ്റീവ് കെയർ രോഗികൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്കായുള്ള ഏകീകൃത ബ്രാൻഡിംഗ് നൽകിക്കൊണ്ട് അവയ്ക്ക് വിപണനസൗകര്യം ലഭ്യമാക്കുക.

Hari

സെക്ഷൻ ഓഫീസർ